പൊളുകടത്തിലുള്ള വർദ്ധന

110 (4101) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സർക്കാർ എടുത്ത വായ്പകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടുത്ത വായ്പകളിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വന്നിട്ടുള്ളതെന്ന വ്യക്തമാക്കാമോ ?

ഉത്തരം

കഴിഞ്ഞ സർക്കാർ (2006-2011) വായ്പയായി എടുത്ത 32,744.19 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-10-2014 വരെ എടുത്ത വായ്പയായ 47,857.09 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 46.15% വർദ്ധനവാണ് വന്നിട്ടുള്ളത്.

തദ്ദേശ സ്ഥാപനങ്ങൾക്കനുവദിച്ച ഫണ്ട് വിവരം

111 (4102) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തികവർഷത്തിലും, ഓരോ തദ്ദേശസ്ഥാപനത്തിനും സർക്കാർ നൽകിയ ഫണ്ട് മേഖലതിരിച്ച ലഭ്യമാക്കാമോ ;

(ബി) ഈ കാലയളവുകളിൽ നൽകിയ ഫണ്ടിൽനിന്നും എത്ര തുക ഓരോ തദ്ദേശസ്ഥാപനവും ചെലവഴിച്ചുവെന്നത് മേഖലതിരിച്ച ലഭ്യമാക്കാമോ ;

(സി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോ തദ്ദേശസ്ഥാപനത്തിനും സർക്കാർ നൽകിയ ഫണ്ട് മേഖലതിരിച്ച ലഭ്യമാക്കാമോ;

(ഡി) ഈ കാലയളവിൽ സർക്കാർ നൽകിയ ഫണ്ടിൽനിന്നും ഓരോ തദ്ദേശസ്ഥാപനങ്ങളും ചെലവഴിച്ച തുക മേഖലതിരിച്ച ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly